130 (1183) സംസ്ഥാനത്തെ വെയർഹൗസുകൾ

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെയർഹൗസുകളുടെ മൊത്തം സ്റ്റോറേജ് കപ്പാസിറ്റി എത്രയാണ്;

(ബി) ഇതിൽ ഉപയോഗിക്കാത്തതും ഒഴിഞ്ഞു കിടക്കുന്നതുമായ ഭാഗം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,91,508 ടൺ.

(ബി) സാധനങ്ങൾ വന്നുകൊണ്ടും എടുത്തുകൊണ്ടും പോയിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ ദിവസംതോറും കണക്കിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്തിന്റെ കൃത്യമായ കണക്ക് പറയാൻ പ്രയാസമാണ്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1147, 1153, 1154, 1157, 1160, 1161, 1166, 1168, 1174, 1175, 1177, 1182 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല).

[9.30 A.M.] മി. സ്പീക്കർ : കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15(7) പ്രകാരം ബഹുമാനപ്പെട്ട ഗവർണറുടെ സന്ദേശം ഞാൻ സഭയെ അറിയിക്കുന്നു.

II ഗവർണറുടെ സന്ദേശം

" I thank the Tenth Kerala Legislative Assembly for the motion of thanks which the Thirteenth Session of the Kerala Legislative Assembly has adopted on the 23rd February, 2000 on my address to the Kerala State Legislative Assembly

Thank you"

III അടിയന്തിരപ്രമേയം

അട്ടപ്പാടിയിലെ പുലിയറയിൽ രണ്ട് പെൺകുട്ടികൾ ബലാൽസംഗം ചെയ്യപ്പെട്ടത് സംബന്ധിച്ച്

മി. സ്പീക്കർ : പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ പുലിയറയിൽ ഒരു സംഘം സാമൂഹ്യവിരുദ്ധർ 18-ഉം 17-ഉം വയസ്സ് പ്രായമുള്ള രണ്ട് പെൺകുട്ടികളെ രക്ഷിതാക്കളുടെ മുന്നിൽ വച്ച് ബലാൽസംഗം ചെയ്തതിനെത്തുടർന്ന് പ്രസ്തുത പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ.എ. ചന്ദ്രൻ, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. തോമസ് ചാഴി

LIBRARY ARCHIVES Kerala Legislative Assembly

കാടൻ, ശ്രീ. ജോണി നെല്ലൂർ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പാലക്കാട് ജില്ലയിലെ അഗളിയിലെ പുലിയറ എന്ന സ്ഥലത്ത് ഗോപാലകൃഷ്ണൻ എന്നയാളുടെ തോട്ടത്തിൽ തമിഴ്നാട്ടിൽനിന്നും രണ്ട് കുടുംബം കൃഷിപ്പണിക്കുവേണ്ടി വന്നിരുന്നു. സേലം സ്വദേശികളായ ചന്ദ്രിക, മാലതി എന്നിവർ കുടുംബത്തോടൊപ്പം ഗോപാലകൃഷ്ണന്റെ പുലിയറയിലെ തോട്ടത്തിലെ വീട്ടിൽ താമസിച്ചുവരികയായിരുന്നു. 27.2.2000-ന് രാത്രി 10.30 മണിയോടുകൂടി ഫിലിപ്പോസ് മകൻ സോഫി, പാപ്പച്ചൻ മകൻ സിജോ, പ്രകാശ് ബാബു മകൻ കുഞ്ഞുമോൻ, ഗോപി മകൻ സജി എന്നിവർ വീട്ടിനകത്ത് അതിക്രമിച്ചു കടക്കുകയും കുടുംബാംഗങ്ങളെ ആക്രമിച്ചു കീഴ്പ്പെടുത്തുകയും കത്തികാണിച്ച് ഭീഷണിപ്പെടുത്തുകയും മാലതിയേയും ചന്ദ്രികയേയും ക്രൂരമായി ബലാൽസംഗം ചെയ്യുകയും ചെയ്തതായിട്ടാണ് റിപ്പോർട്ട്. മാലതിയുടെ പരാതിയെത്തുടർന്ന് അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം 39/2000 നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് പോലീസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്. പ്രതികളെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി വ്യാപകമായ തെരച്ചിൽ നടത്തിവരുന്നുണ്ട്. പ്രതികൾ തമിഴ്നാട്ടിലേയ്ക്ക് രക്ഷപ്പെടുന്നതിന് ശ്രമിക്കുന്നതിനിടയിൽ ഫിലിപ്പോസ് മകൻ സോഫിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് മൂന്ന് പ്രതികൾക്കുവേണ്ടിയുള്ള തെരച്ചിൽ തുടർന്നുവരികയാണ്. അത്യന്തം ഹീനമായ ഒരു സംഭവമാണ് അഗളിയിലുണ്ടായിട്ടുള്ളത്. ഇതിനെതിരായി എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഒറ്റക്കെട്ടായി ശബ്ദം ഉയർത്തേണ്ടതുണ്ട്. പ്രതികളെ പിടികൂടുന്നതിനും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിന് ഇതിനകം നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, കഴിഞ്ഞ ദിവസം പാലക്കാട് അട്ടപ്പാടിയിലെ അഗളിയിൽ രക്ഷിതാക്കൻമാരുടെ മുന്നിൽവച്ച് പട്ടാപ്പകൽ കൂട്ടബലാൽസംഗം നടന്ന ഒന്നിനെക്കുറിച്ചാണ് ഞാൻ ഈ സഭയിൽ അടിയന്തിര പ്രമേയം അവതരിപ്പിക്കുന്നത്. രക്ഷിതാക്കൻമാരുടെ മുന്നിൽവച്ച് പട്ടാപ്പകൽ ഈ സംഭവം നടന്ന് മണിക്കൂറുകൾ കഴിഞ്ഞിട്ടും ഇതുവരെ ഇതിലെ പ്രതികളെ പിടിക്കാൻ പോലീസിന് കഴിഞ്ഞിട്ടില്ല. ഇതിൽ ഉന്നതരായ ആളുകളിടപെട്ട് പ്രതികൾക്ക് സംരക്ഷണം നൽകുകയും അവരെ തമിഴ്നാട്ടിലേയ്ക്ക് അയയ്ക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഈ സംഭവമുണ്ടായിട്ട് ഒരു സാധാരണ സംഭവം കണക്കെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെക്കുറിച്ച് പറഞ്ഞത്. ഒരിക്കലും ഒരിടത്തും നടക്കാൻ പാടില്ലാത്ത ഒരു ക്രൂരസംഭവമാണ് അട്ടപ്പാടിയിലെ അഗളിയിൽ നടന്നത്. ഈ പ്രതികൾ സമ്പന്നരാണ്, യുവാക്കളാണ്, അവർ വാഹനങ്ങളിലാണ് പോയിരുന്നത്. അവരുടെ കൈവശം കത്തിയും മറ്റ് മാരകായുധങ്ങളുമൊക്കെ ഉണ്ടായിരുന്നു. ഈ ആയുധവും വാഹനവും അവർ കൊണ്ടുപോകാനിടയായത്, അയൽ സംസ്ഥാനത്തു നിന്നും പണിയെടുത്ത് കൂലിവാങ്ങി ജീവിക്കാൻ വന്ന ഇവരെ ഏതുനിലയിലും കീഴ്പ്പെടുത്തി കൂട്ടബലാൽസംഗം ചെയ്യുക എന്ന മുൻഉദ്ദേശത്തോടുകൂടി തന്നെയാണ്. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ പുലിയറയിൽ ഏതാനും സാമൂഹ്യ വിരുദ്ധൻമാർ ചേർന്ന് തമിഴ്നാട്ടിൽനിന്നും തൊഴിൽതേടിയെത്തിയ കുടുംബത്തിലെ അച്ഛന്റെയും മറ്റ് രക്ഷിതാക്കളുടേയും കൺമുന്നിൽവച്ച് 18 വയസ്സുള്ള മാലതിയേയും 17 വയസ്സുള്ള ചന്ദ്രികയേയും രക്ഷി

LIBRARY ARCHIVES Kerala Legislative Assembly

താക്കളെ കത്തികാട്ടി ഭീഷണിപ്പെടുത്തി-മാറിമാറി ബലാൽസംഗം ചെയ്യുകയുണ്ടായി. മനുഷ്യ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന അതിക്രൂരമായ ഈ സംഭവത്തെപ്പറ്റി അഗളി പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടുവെങ്കിലും ഇതുവരെ മുഴുവൻ പ്രതികളേയും അറസ്റ്റ് ചെയ്യുകയോ അവശ്യം വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഈ ക്രൂരകൃത്യത്തേയും അതിനെത്തുടർന്നുളവായ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റിയും സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാണ് എന്റെ ആവശ്യം. ഈ സംഭവത്തെ സംബന്ധിച്ച് മാതൃഭൂമി തിരുവനന്തപുരം എഡിഷനിൽ വന്ന വാർത്ത ഞാനിവിടെ വായിക്കുകയാണ്. "അട്ടപ്പാടിയിലെ പുലിയറയിൽ രക്ഷിതാക്കളുടെ മുന്നിൽവച്ച് രണ്ട് പെൺകുട്ടികളെ കൂട്ട ബലാൽസംഗം ചെയ്യപ്പെട്ടു." അതുപോലെതന്നെ മറ്റുപത്രങ്ങളിലും ഇതുവരാനിടയായിട്ടുണ്ട്. കാപ്പിക്കുരു പറിക്കേണ്ടുന്ന അവസരത്തിലും അധികജോലിയുണ്ടാകുന്ന ഇഞ്ചി പറിക്കേണ്ടുന്ന അവസരത്തിലും തമിഴ്നാട്ടിൽനിന്നും ധാരാളം ആളുകൾ കൂട്ടമായി, കുടുംബമായി വരാറുണ്ട്. ഇത്തരം ആളുകൾക്ക് ഇവിടെ രക്ഷയില്ലെന്നുവരുന്നത് വളരെയേറെ പ്രയാസകരമായ കാര്യമാണ്. തമിഴ്നാട്ടിൽനിന്നും കൂലിപ്പണിക്കായി അട്ടപ്പാടിയിലെത്തുന്ന ഇവർ പണക്കാരുടെ സംരക്ഷണത്തിലാണ് ഇവിടെ കഴിയുന്നത്. അവരെ പണിയെടുപ്പിക്കുന്നതോടൊപ്പം സാമ്പത്തികശേഷിയുള്ള ആളുകൾ ഇത്തരം ക്രൂരകൃത്യം ചെയ്യുന്നത് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്. ബലാൽസംഗമൊക്കെ ചായകുടി പോലെ നടക്കുകയാണെന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴായി പറഞ്ഞിട്ടുണ്ട്. അതുപോലെ വരാൻ പാടില്ലാത്തതാണ്. അത് ലാഘവബുദ്ധിയോടുകൂടി എടുത്തതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ധാരാളമായി ഉണ്ടാകുന്നത്.

മി. സ്പീക്കർ : ഞാൻ ഒരു കാര്യം പറയട്ടെ, അടിയന്തിര പ്രമേയത്തിലിടപെടുകയല്ല. മുഖ്യമന്ത്രി വളരെ ഗൗരവത്തിലാണ് ഈ പ്രശ്നം അവതരിപ്പിച്ചത്. സംസാരിച്ച് അതിന്റെ ഗൗരവം ഇല്ലാതാക്കരുത്. അത് സഭയുടെ കാര്യമാണ്, പ്രതിപക്ഷത്തിന്റെയോ ഭരണപക്ഷത്തിന്റെയോ കാര്യമല്ല ..... ബഹളം ..... ഇതൊരു പൊളിറ്റിക്കൽ ഡിബേറ്റല്ല, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ല.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതിനെ ലാഘവത്തോടുകൂടി നോക്കിയതും പറഞ്ഞതുംകൊണ്ടാണ് ഇതുണ്ടാകാനിടയായത്. അട്ടപ്പാടിയിലെ അഗളിയിൽ മാത്രമല്ല, തമിഴ്നാട്ടിൽനിന്നും ആന്ധ്രയിൽനിന്നും ധാരാളം തൊഴിലാളികൾ ഇവിടെ അനാഥരെപ്പോലെ പണിയെടുത്ത് ജീവിക്കുന്നുണ്ട്. ഉന്നതൻമാരായ ആളുകൾ ഇത്തരം സംഭവം ചെയ്യുകയും അതിലിടപെട്ട് ഇല്ലാതാക്കുകയും ചെയ്യുന്ന സംഭവം ഉണ്ടാകാൻ പാടില്ലാത്തതാണ്..... ബഹളം..... യൂത്ത് കോൺഗ്രസ്സുകാർ സമരം നടത്തിയിട്ടുണ്ട്, നിങ്ങൾ സമരം നടത്തിയിട്ടുണ്ട്, മറ്റ് സംഘടനകളും ഇതിനെതിരെ സമരം നടത്തിയിട്ടുണ്ട്. ഇതിന് കക്ഷിഭേദമില്ല. ഇതിന് രാഷ്ട്രീയമില്ല. ഏതു കക്ഷിക്കാരായാലും മുഖം നോക്കാതെ നടപടിയെടുക്കണം. എനിക്കു ഒന്നേ പറയാനുള്ളൂ.

"ഇന്നലെ ചെയ്തൊരബദ്ധം മർത്യന്-
ഇന്നത്തെയാചാരമാകാം, നാളത്തെ ശബ്ദമാകാം,
അതിന് തുണയായ് സമ്മതം മൂളരുത് രാജൻ."

LIBRARY ARCHIVES Kerala Legislative Assembly

എന്ന അഭ്യർത്ഥനയാണുള്ളത്. അതിദാരുണമായ, ക്രൂരമായ ഈ സംഭവത്തെ സംബന്ധിച്ച് സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ശ്രീ. ജോസ് ബേബി : സർ, തമിഴ്നാട് സ്വദേശികളായ ചന്ദ്രിക, മാലതി എന്നീ രണ്ടു കുട്ടികൾ അട്ടപ്പാടി ആദിവാസി മേഖലയിലെ പുലിയറ യിൽ കൂലിവേലയ്ക്കു വന്നവരാണ്. ഇവർ ജോലി ചെയ്തിരുന്നത് വിജയ ന്റെയും ഗോപാലകൃഷ്ണന്റെയും കൃഷിസ്ഥലത്താണ്. അവിടെ പതിവായി തമിഴ്നാട്ടിൽനിന്നും ആളുകൾ പണിയെടുക്കാൻ വരാറുണ്ട്. കുരുമുളക് പറി ക്കാൻ വരുന്നവരുടെ കൂട്ടത്തിൽ വന്ന കുട്ടികളാണ് ഇവർ. ഈ പാവപ്പെട്ട പെൺകുട്ടികൾ ജോലി ചെയ്യാൻ വന്ന സമയത്ത് വിജയന്റെയും ഗോപാലകൃ ഷ്ണന്റെയും കുടുംബത്തിൽപ്പെട്ട പുലിയറ ഗോവിന്ദൻ മകൻ ശശി, 22 വയസ്സ്, പ്രകാശ് ബാബു മകൻ കുഞ്ഞുമോൻ എന്ന അജിത്കുമാർ, 21 വയസ്സ്, അപ്പച്ചന്റെ മകൻ സോഫി, 18 വയസ്സ്, പാപ്പച്ചന്റെ മകൻ സിജോ, 18 വയസ്സ് എന്നിവരാണ് 16-ഉം 17-ഉം വയസ്സു പ്രായമുള്ള പാവപ്പെട്ട ഈ പെൺകുട്ടികളെ ബലാൽസംഗത്തിന് വിധേയമാക്കിയത്. ഈ കുട്ടികൾ മുള കൊണ്ടുള്ള കട്ടിലിനടിയിൽ ഒളിച്ചിരുന്നിട്ടുപോലും മൃഗീയമായി അവരെ ഉപ ദ്രവിക്കുകയാണുണ്ടായത്. ഇക്കാര്യത്തിൽ അവിടത്തെ എല്ലാ രാഷ്ട്രീയ കക്ഷികളും പ്രതിഷേധിച്ചിട്ടുണ്ട്. രോഷം പ്രകടിപ്പിച്ചിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിഷേധ പ്രകടനങ്ങൾ നടത്തിയി ട്ടുണ്ട്. അതിന്റെ ഫലമായി കുറച്ച് അറസ്റ്റും നടന്നിട്ടുണ്ട്. ഈ കാര്യത്തിൽ കക്ഷി രാഷ്ട്രീയമല്ല കാണേണ്ടത്. ഇത്ര മൃഗീയമായ രീതിയിൽ പ്രവർത്തി ക്കുന്ന ആളുകളെ നേരിടുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഒരാളും സംരക്ഷിക്കപ്പെടുവാൻ പാടില്ല, സംരക്ഷിക്കപ്പെടുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രതികളെ പിടികൂടുവാൻ മുഖ്യമന്ത്രി ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുഖ്യമന്ത്രിയുടെ മറുപടി ഇക്കാര്യത്തിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഒരിടത്തും ഒരിക്കലും നട ക്കാൻ പാടില്ലാത്തവിധം ക്രൂരമായ സംഭവമാണ് അട്ടപ്പാടിയിൽ നടന്നത്. സോഫിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ക്രൂരമായ ഇത്തരം നടപടിയിൽ പ്രതിഷേധിച്ച് എല്ലാ കക്ഷികളും യോജിച്ചു നിൽക്കുകയും പ്രതികളെ പിടികൂ ടാൻ പോലീസിന് ശക്തമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കുറ്റ വാളികളെ എത്രയും വേഗം പിടികൂടുന്നതാണ്.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

IV ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടം ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, കേരളത്തിലെ മുനിസിപ്പൽ ആക്ടിലെ 410 വകുപ്പുകൾ എടുത്തു കളഞ്ഞതുമൂലവും 1984-ലെ കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly